# ഞാനും എന്റെ തൊഴിൽ നിയമങ്ങളും

ഒന്നാം പതിപ്പ്

# എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമവും പദ്ധതികളും



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തിരുവനന്തപുരം

# എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസിലേനിയസ് പ്രോവിഷൻസ് ആക്ട് 1952

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആന്റ് മിസിലേനിയസ് പ്രൊവിഷൻസ് ആക്ട് 1952 എന്നത് തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും വാർദ്ധ്യക്യകാല ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടിയുള്ള ഒരു സാമൂഹ്യ സുരക്ഷ നിയമമാണ്. ഈ നിയമം 20–തോ അതിൽ കൂടുതലോ തൊഴിലാളികൾ പണിയെടുക്കുന്ന (സിനിമാശാലകൾ ഒഴികെ - അവയിൽ കുറഞ്ഞത് 5 തൊഴിലാളികൾ മതിയാകും) വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ബാധകമാണ്. ഈ നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്ന പദ്ധതികളായാണ് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, (ഇ.പി.എഫ്.) സ്കീം 1952, എംപ്ലോയീസ് പെൻഷൻ സ്കീം (ഇ.പി.എസ്സ്.) 1995, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് (EDLI) സ്കീം 1976 എന്നിവ. ഇവ ഓരോന്നും ഇ.പി.എഫ്. അംഗങ്ങൾക്കും അവരുടെ കുടുംബത്തിനും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

## എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (ഇ.പി.എഫ്.) സ്കീം 1952

### 1. പി.എഫ്. അംഗത്വത്തിനു വേണ്ട യോഗ്യത.

1952 –ലെ പ്രോവിഡന്റ് ഫണ്ട് നിയമത്തിന്റെ പരിധിയിൽ വന്നിട്ടുള്ള ഏതെങ്കിലും സ്ഥാപനം നേരിട്ടോ അല്ലാതെയോ നിയമിച്ചിട്ടുള്ളതോ, ഒരു കോൺട്രാക്ടർ നിയമിച്ച, അല്ലെങ്കിൽ കോൺട്രാക്ടർ മുഖേന നിയമിക്കപ്പെട്ടിട്ടുള്ള തൊഴിലാളി ഉൾപ്പെടെ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതോ സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതോ ആയ ഏതൊരു വ്യക്തിക്കും ജോലിയിൽ പ്രേവശിക്കുന്ന തീയതി മുതൽ പിഎഫ്. അംഗത്ത്വത്തിനുള്ള അർഹതയുണ്ട് . അർഹതയുള്ള തൊഴിലാളി വിഭാഗങ്ങൾ താഴെ പറയുന്നവയാണ്.

a. സ്ഥിരം തൊഴിലാളികൾ
b. താൽക്കാലിക തൊഴിലാളികൾ
c. ദിവസകൂലിക്കാരായ തൊഴിലാളികൾ
d. പീസ് റേറ്റുകാരായ തൊഴിലാളികൾ
e. കരാർ തൊഴിലാളികൾ
f. പരിശീലനം നേടികൊണ്ടിരിക്കുന്നവർ
g. സ്ഥാപനത്തിന്റെ ശാഖകളിൽ / യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ
h. സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച തൊഴിലാളികൾ (വിമുക്ത ഭടന്മാർ ഉൾപ്പടെ)
i. അന്താരാഷ്ട്രീയ തൊഴിലാളികൾ ( International Workers)

### 2. അംഗത്ത്വത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്ന തൊഴിലാളികൾ.

a. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് 15000/– ( 1.09.2014 മുതൽ) രൂപയിൽ കൂടുതൽ ശമ്പളം ലഭിക്കുന്ന തൊഴിലാളികൾ (ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് കുറഞ്ഞ ശമ്പളം ഉണ്ടായിരുന്ന ഒരു തൊഴിലാളി, പിന്നീട് അയാളുടെ ശമ്പളം 15000/– രൂപയിൽ കൂടുതൽ ആവുകയാണെങ്കിൽ ശമ്പളം പരിഗണിക്കാതെ തന്നെ അയാൾ പി.എഫ്. അംഗമായി തുടരേണ്ടതാണ്.)

b. ശാരീരികവൈകല്യമുള്ളവർക്ക് അംഗത്വത്തിൽ നിന്ന് ഒഴിവാക്കപ്പെടുവാനുള്ള വേതന പരിധി 75,000/- രൂപയാണ്.

c. 55 വയസ്സ് കഴിഞ്ഞശേഷം ഇ.പി.എഫ്. സ്കീം അനുസരിച്ച് ആനുകൂല്യങ്ങൾ പിൻവലിച്ചവർ

d. അപ്രന്റീസ് ആക്ട് അഥവാ സ്ഥാപനത്തിന്റെ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചുള്ള അപ്രന്റീസുകൾ.

**കുറിപ്പ് 1:** സർക്കാർ പെൻഷൻ വാങ്ങികൊണ്ടിരിക്കുന്ന വിരമിച്ച സർക്കാരുദ്യോഗസ്ഥർക്ക് (വിമുക്ത ഭടന്മാർ ഉൾപ്പെടെ) പി.എഫ് അംഗത്വം നൽകേണ്ടതാണ്.

**കുറിപ്പ് 2:** സെക്യൂരിറ്റി കരാറുകാർ, ഹൗസ്കീപ്പിംഗ് കരാറുകാർ, തുടങ്ങി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരും സബ് കരാറുകാരും നിയോഗിച്ചിട്ടുള്ള തൊഴിലാളികൾ പി.എഫ് അംഗത്തിന് അർഹരാണ്.

**കുറിപ്പ് 3:** ഒഴിവാക്കപ്പെട്ട തൊഴിലാളിക്ക് (excluded Employee) തൊഴിലുടമയും തൊഴിലാളിയും സംയുക്തമായി അപേക്ഷ നൽകി പി.എഫ് അംഗത്വം നേടാവുന്നതാണ്. ഇങ്ങനെ സ്വീകരിച്ച തീരുമാനം അന്തിമമായിരിക്കും. ഇത് പിന്നീട് മാറ്റാൻ സാധിക്കുന്നതല്ല.

**കുറിപ്പ് 4:** പി.എഫ് അംഗത്വം നേടാൻ വേണ്ട കുറഞ്ഞ സേവന കാലയളവ് എന്ന നിബന്ധനയില്ല. അർഹതയുള്ള ഒരു തൊഴിലാളിക്ക് സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്ക് തന്നെ പി.എഫ് അംഗത്വത്തിനു അവകാശമുണ്ട്.

**കുറിപ്പ് 5:** പി.എഫ് അംഗത്വം നേടാൻ വയസ്സ് ബാധകമല്ല. എന്നാൽ 55 വയസ്സിനു ശേഷം സേവനത്തിൽ നിന്നും വിരമിച്ച പി.എഫ് അക്കൗണ്ട് പൂർണ്ണമായും പിൻവലിച്ച പി.എഫ് അംഗങ്ങൾക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുന്ന പക്ഷം (Re employment) പി.എഫ് അംഗത്വം നൽകേണ്ടതില്ല.

## 3. അടക്കേണ്ട വിഹിതവും ചെലവുകളും (Charge) (EPF Scheme)

**a. കവറേജ് സമയത്തെ തൊഴിലാളികളുടെ എണ്ണം 20 - തോ അതിൽ കൂടുതലോ ആണെങ്കിൽ**

| | | |
|---|---|---|
| തൊഴിലാളികളുടെ വിഹിതം | : | വേതനത്തിന്റെ 12% |
| തൊഴിലുടമയുടെ വിഹിതം | : | വേതനത്തിന്റെ 3.67% |
| അഡ്മിനിസ്ട്രേഷൻ ചാർജ്ജ് | : | വേതനത്തിന്റെ 0.85% (തൊഴിലുടമ മാത്രം) |

**b) കവറേജ് സമയത്തെ തൊഴിലാളികളുടെ എണ്ണം 20 ൽ കുറവാണെങ്കിൽ**

| | | |
|---|---|---|
| തൊഴിലാളികളുടെ വിഹിതം | : | വേതനത്തിന്റെ 10% |
| തൊഴിലുടമയുടെ വിഹിതം | : | വേതനത്തിന്റെ 1.67% |
| അഡ്മിനിസ്ട്രേഷൻ ചാർജ്ജ് | : | വേതനത്തിന്റെ 1.1% (തൊഴിലുടമ മാത്രം) |

**4. അഡ്വാൻസുകളും പിൻവലിക്കലും**

ഇ.പി.എഫ് സ്കീമിൽ വീട് / ഫ്ളാറ്റ് / വീടിനുള്ള സ്ഥലം എന്നിവ വാങ്ങുന്നതിനും വീട് നിർമ്മാണത്തിനും വീട് മാറ്റം വരുത്തുന്നതിനും വികസിപ്പിക്കുന്നതിനും, വീട് വയ്ക്കാൻ വേണ്ടി എടുത്ത വായ്പ തിരിച്ചടക്കാനും തന്റെയോ, ആശ്രിതരുടെയോ ചികിൽസാ ആവശ്യത്തിനും, തന്റെ അല്ലെങ്കിൽ ആശ്രിതരുടെ / വിവാഹം / വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് / അഡ്വാൻസിനും പിൻവലിക്കലിനും വ്യവസ്ഥയുണ്ട്.

**5. ജോലിയിൽ നിന്നു പിരിയുമ്പോൾ തൊഴിലാളിക്ക് പി.എഫ് ൽ സ്വരൂപിച്ചിട്ടുള്ള തുക തിരികെ ലഭിക്കുന്നതിന്,**

a) പി.എഫ് ന്റെ പരിധിയിൽ വരുന്ന മറ്റേതെങ്കിലും സ്ഥാപനത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ഫാറം 19 പ്രകാരം അപേക്ഷിച്ചാൽ മുഴുവൻ തുകയും ലഭിക്കുന്നതാണ്.

b) പി.എഫ് ന്റെ പരിധിയിൽ വരുന്ന മറ്റേതെങ്കിലും സ്ഥാപനത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ഫാറം 13 പ്രകാരം പുതിയ അക്കൗണ്ടിലേക്ക് മാറ്റി കിട്ടുന്നതാണ്.

**6. മരണപ്പെട്ട അംഗത്തിന്റെ പി.എഫ് നിക്ഷേപം താഴെ പറയുന്നവർക്കാണ് നൽകുന്നത് (ഫ. 20)**

a) ആധികാരികമായ നോമിനേഷൻ ഉണ്ടെങ്കിൽ നോമിനി അല്ലെങ്കിൽ നോമിനികൾക്ക്

b) ആധികാരികമായ നോമിനേഷൻ ഇല്ലാത്ത പക്ഷം കുടുംബത്തിലെ ഓരോ അംഗത്തിനും തുല്യമായി നൽകുന്നതാണ്. എന്നാൽ താഴെപ്പറയുന്ന കുടുംബാംഗങ്ങൾക്ക് ഒരു വിഹിതവും ലഭിക്കുകയില്ല.

1. പ്രായപൂർത്തിയായ ആൺമക്കൾ
2. മരണപ്പെട്ട മകന്റെ പ്രായപൂർത്തിയായ മകൻ
3. ഭർത്താവ് ജീവിച്ചിരിപ്പുള്ള വിവാഹിതരായ പെൺമക്കൾ
4. മരണപ്പെട്ട മകന്റെ ഭർത്താവ് ജീവിച്ചിരിപ്പുള്ള മകൾ

c) കുടുംബാംഗങ്ങളോ നോമിനിയോ ഇല്ലാത്ത സാഹചര്യത്തിൽ നിയമപരമായി അർഹതയുള്ള വ്യക്തിക്ക് നിക്ഷേപതുക നൽകുന്നതായിരിക്കും.

# എംപ്ലോയീസ് പെൻഷൻ സ്കീം (E.P.S) 1995

ഭാരത സർക്കാർ പുറപ്പെടുവിച്ച ജി.എസ്സ്.ആർ 748(ഇ) നം നോട്ടിഫിക്കേഷൻ പ്രകാരം 16-11-1995 ന് എംപ്ലോയീസ് പെൻഷൻ പദ്ധതി നിലവിൽ വന്നു.

## 1. ബാധ്യത

1952 ലെ പ്രോവിഡന്റ് ഫണ്ട് നിയമം ബാധകമായ എല്ലാ സ്ഥാപനങ്ങൾക്കും ഈ പദ്ധതി ബാധകമായിരിക്കും. പ്രൊവിഡന്റ് ഫണ്ടിൽ അംഗങ്ങളായ എല്ലാ തൊഴിലാളികൾക്കും ഈ പദ്ധ ബാധകമായിരിക്കും.

## 2. പദ്ധതിയുടെ ആനുകൂല്യങ്ങൾ

അംഗത്തിന് വിരമിക്കലിന് / 58 വയസ്സ്പൂർത്തിയായതിനു ശേഷം ജീവിതാന്ത്യം വരെ പ്രതിമാസ പെൻഷൻ.

ജോലിയിലിരിക്കെ പൂർണ്ണമായ അവശതയുണ്ടാകുന്ന പക്ഷം ജീവിതാന്ത്യം വരെ പ്രതിമാസ പെൻഷൻ.

കുടുംബങ്ങൾക്ക്, അംഗത്തിന്റെ മരണശേഷം ജീവിതപങ്കാളിക്ക് ജീവിതാന്ത്യം / പുനർ വിവാഹം കഴിക്കുന്നതു വരെ പ്രതിമാസ പെൻഷൻ.

കുട്ടികൾക്ക് (ഒരു സമയം രണ്ടു പേർക്ക്) 25 വയസ്സ് തികയുന്നതു വരെ പ്രതിമാസ പെൻഷൻ ജീവിത പങ്കാളിക്ക് കിട്ടുന്നതിനു പുറമേ പൂർണ്ണമായി അവശതയുള്ള കുട്ടികൾക്ക് ജീവിതാവസാനം വരെ പ്രതിമാസ പെൻഷൻ.

ജീവിത പങ്കാളിക്ക് പെൻഷൻ കിട്ടാത്ത സാഹചര്യത്തിൽ കുട്ടിക്ക് ഉയർന്ന നിരക്കിലുള്ള അനാഥ പെൻഷൻ.

## 3. പെൻഷനുള്ള അർഹത

10 കൊല്ലം യോഗ്യത. സേവനം പൂർത്തിയാക്കി ജോലിയിൽ നിന്നും വിരമിക്കുന്ന 50 വയസ്സ് പൂർത്തിയായ തൊഴിലാളിക്ക് പെൻഷൻ ലഭിക്കുന്നു.

പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നവരുടെ മരണം സംഭവിക്കുന്ന പക്ഷം യാതൊരു യോഗ്യതാ സേവന കാലവും പരിഗണിക്കാതെ കുടുംബാംഗങ്ങൾക്ക് പെൻഷന് അർഹ തയുണ്ടായിരിക്കും.

## 4. പെൻഷന് അർഹതയില്ലാത്തവർക്കുള്ള ആനുകൂല്യം.

a) 10 വർഷത്തിൽ കുറവ് യോഗ്യതാ സേവനം പൂർത്തിയാക്കിയ അംഗത്തിന് അവർ 6 മാസത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അടച്ച തുകയും പലിശയും തിരികെ വാങ്ങാവു ന്നതാണ്.

b) സ്കീം സർട്ടിഫിക്കറ്റ്.

58 വയസ്സ് പൂർത്തിയാക്കുന്നതിന് മുമ്പ് ജോലിയിൽ നിന്നും വിരമിക്കുന്ന അംഗത്തിന് സ്കീം സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. സ്കീം സർട്ടിഫിക്കറ്റ് വാങ്ങിക്കഴിഞ്ഞാലും 58 വയസ്സ് പൂർത്തിയാക്കുന്നത് വരെ പെൻഷൻ പദ്ധതിയിലെ അംഗത്വം നിലനിൽക്കുന്നതായിരിക്കും. സ്കീം സർട്ടിഫിക്കറ്റിന് ചുരുങ്ങിയ സേവന കാലയളവ് ആവശ്യമില്ല.

## 5. പെൻഷൻ തുകയ്ക്ക് കുറഞ്ഞ പരിധി.

a) വിധവാ പെൻഷൻ -Rs. 450/ -പ്രതിമാസം (Rs.1000/- (1.9.2014 മുതൽ)
b) കുട്ടികൾക്കുള്ള പെൻഷൻ -Rs. 150/ -പ്രതിമാസം (Rs.250/- (1.9.2014 മുതൽ)
c) അനാഥ പെൻഷൻ -Rs. 250/ -പ്രതിമാസം (Rs.750/- (1.9.2014 മുതൽ)
d) അവശതാ പെൻഷൻ -Rs. 250/ -പ്രതിമാസം (Rs.1000/- (1.9.2014 മുതൽ)

## 6. പെൻഷൻ കണക്കാക്കുന്നതിന്റെ മാനദണ്ഡം

പെൻഷൻ കണക്കാക്കുന്നതിന്റെ മാനദണ്ഡം പെൻഷന് അർഹതയുള്ള സേവന കാലവും പെൻഷന് അർഹതയുള്ള വേതനവുമാണ്. ലളിതമായ ഒരു ഫോർമുല ഉപയോഗിച്ചാണ് പെൻഷൻ കണക്കാക്കുന്നത്.

$$\text{പ്രതിമാസ പെൻഷൻ} = \frac{\text{പെൻഷന് അർഹമായ സേവനകാലം} \times \text{പെൻഷന് അർഹമായ വേതനം}}{70}$$

## 7. എംപ്ലോയീസ് പെൻഷൻ പദ്ധതിയുടെ പ്രത്യേക സവിശേഷതകൾ

a) ഒരു മാസത്തെയെങ്കിലും വിഹിതം അടച്ചിട്ടുള്ള അംഗം ജോലിയിലിരിക്കയോ അല്ലാതെയോ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് പെൻഷൻ ലഭിക്കുവാനുള്ള അർഹത.
b) ഒരേ സമയം ജീവിത പങ്കാളിക്കും രണ്ട് കുട്ടികൾക്കും പെൻഷനുള്ള അർഹത.
c) തൊഴിലുടമ വിഹിതം അടയ്ക്കാൻ വീഴ്ച വരുത്തണ കാലയളവും പെൻഷന് കണക്കാക്കുന്നു.
d) താൽക്കാലിക / ദിവസ വേതനക്കാരുടെ പെൻഷന് അർഹതയുള്ള വേതനം കണക്കാക്കുമ്പോൾ വേതനരഹിത ദിവസങ്ങൾ ഉണ്ടെങ്കിൽ കൂടി ഒരു ദിവസത്തെ വേതനത്തിന് ആനുപാതികമായി മാസവേതനം കണക്കാക്കുന്നു.
e) ജോലിയിലിരിക്കെ സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യം സംഭവിക്കുന്ന അംഗത്തിന് സേവനകാലവും, വയസ്സും പരിഗണിക്കാതെ പെൻഷൻ ലഭിക്കുവാനുള്ള അർഹത.
f) 58 വയസ്സ് പൂർത്തിയാക്കിയ ശേഷം ജോലിയിൽ തുടർന്നുകൊണ്ട് പെൻഷൻ വാങ്ങുന്നതിനുള്ള അവസരം.

# എംപ്ലോയീസ് ഡപ്പോസിറ്റ്
# ലിങ്ക്ഡ് ഇൻഷ്വറൻസ് (EDLI) സ്കീം 1976

**1. എന്താണ് (EDLI) സ്കീം**

എംപ്ലോയീസ് ഡപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് (EDLI) സ്കീം എന്നത് ജോലിയിലിരിക്കെ മരണപ്പെട്ട പി.എഫ് അംഗത്തിന്റെ കുടുംബത്തിന് കൂടുതൽ സാമൂഹ്യ പരിരക്ഷ നൽകുന്നതും ജോലിയിലിരിക്കെ കൂടുതൽ മിച്ചം വയ്ക്കാൻ അംഗങ്ങളെ ഗുണകരമായി പ്രോൽസാഹിപ്പിക്കുന്നതുമായ ഒരു പദ്ധതിയാണ്. പ്രോവിഡന്റ് ഫണ്ട് അംഗങ്ങൾക്ക് ഇൻഷ്വറൻസ് കവർ ലഭ്യമാക്കുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**2. പി.എഫ് വരിക്കാരന്റെ മരണം സംഭവിക്കുന്ന അവസ്ഥയിൽ കുടുംബാംഗങ്ങൾക്ക് ഈ സ്കീം പ്രകാരം ലഭിക്കുന്ന ആനുകൂല്യം.**

പി.എഫ് വിഹിതം അടച്ചുകൊണ്ടിരിക്കുന്ന ആൾ ജോലിയിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ മരണം സംഭവിക്കുന്നതിന് മുമ്പുള്ള 12 മാസത്തെ ശരാശരി ബാലൻസിന് തത്തുല്യമായ തുക സുരക്ഷിത ആനുകൂല്യ (Assurance Benefit) മായി ലഭിക്കാൻ നോമിനി അല്ലെങ്കിൽ കുടുംബത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ ശരാശരി ബാലൻസ് 50,000/- രൂപയിൽ കവിയുന്നപക്ഷം അഷ്വറൻസ് ബനിഫിറ്റ് 50,000/-+ 50,000/- ത്തിൽ കൂടുതലായുള്ള തുകയുടെ 40% ആയിരിക്കും. എന്നാൽ പരമാവധി തുക 1,00,000/- ആയിരിക്കും.

കുറിപ്പ്: മരണം സംഭവിക്കുന്നത് 8.01.2011 ന് ശേഷവും മരിച്ച വ്യക്തി അതേ സ്ഥാപനത്തിൽ ഒരു വർഷത്തിൽ കൂടുതൽ തുടർച്ചയായി ജോലി ചെയ്തിട്ടുണ്ടെങ്കിൽ മുകളിൽ പറഞ്ഞ തുകയോ ശരാശരി മാസ ശമ്പളത്തിന്റെ (പരമാവധി 15,000/- രൂപ) 20 ഇരട്ടിയോ എതാണ് കൂടുതൽ അത് ലഭിക്കുന്നതാണ്.

**3. അഷുറൻസ് ബെനിഫിറ്റ് ലഭിക്കാനായുള്ള അർഹത.**

മരണപ്പെട്ട അംഗത്തിന്റെ പി.എഫ് നിക്ഷേപതുക ലഭിക്കാൻ അർഹതുള്ള വ്യക്തിക്കോ വ്യക്തികൾക്കോ തന്നെ അഷ്വറൻസ് ബനിഫിറ്റും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി പ്രയോജനം ലഭിക്കുന്ന വ്യക്തി ഫാറം 5 (IF) -ൽ അപേക്ഷ സമർപ്പിക്കണം.

**4. ജോലിയിലിരിക്കെ മരണം സംഭവിക്കുകയാണെങ്കിൽ മാത്രമേ ഈ അനുകൂല്യം ലഭിക്കുകയുള്ളൂ.**

**5. EDLI ആനുകൂല്യം ലഭിക്കാനുള്ള അർഹതയ്ക്ക് പ്രായപരിധി ബാധകമല്ല. മരണം സേവന കാലത്ത് സംഭവിച്ചിരിക്കണമെന്ന ഉപാധി മാത്രമേയുള്ളു.**

## വിവിധ ആവശ്യങ്ങൾക്കായി അംഗങ്ങൾ / കുടുംബാംഗങ്ങൾ ഉപയോഗിക്കേണ്ട അപേക്ഷകൾ.

| ഫോറം നം | ഉപയോഗിക്കുന്ന ആൾ | ഉപയോഗിക്കേണ്ട സന്ദർഭം | ഉപയോഗം |
|---|---|---|---|
| 2 | അംഗം | ജോലിയിൽ പ്രവേശിക്കുമ്പോൾ/ കുടുംബത്തിൽ മാറ്റങ്ങളുണ്ടാകുമ്പോൾ | കുടുംബാംഗങ്ങളെയും നോമിനിയെയും സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിന് |
| 11 | അംഗം | ജോലിയിൽ പ്രവേശിക്കുമ്പോൾ | മുൻ സർവ്വീസിനെ(ഉണ്ടെങ്കിൽ) സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിന് |
| 31 | അംഗം | അഡ്വാൻസ് ആവശ്യമായി വരുമ്പോൾ | പി.എഫ്. അഡ്വാൻസ് ലഭിക്കുവാൻ |
| 19 | അംഗം | ജോലി വിടുന്ന സമയത്ത് | പി.എഫ് തുക മടക്കി വാങ്ങുവാൻ |
| 10D | അംഗം/കുടുംബാംഗം/ നോമിനി | പെൻഷന് അർഹനാകുമ്പോൾ | പെൻഷൻ ലഭിക്കുവാൻ |
| 10 C | അംഗം | പെൻഷന് അർഹനല്ലാതെ ജോലി വിടുമ്പോൾ | സ്കീം സർട്ടിഫിക്കറ്റ് /വിത്ത് ഡ്രോവൽ ബെനിഫിറ്റ് ലഭിക്കുവാൻ |
| 20 | അർഹതപ്പെട്ട കുടുംബാംഗം / നോമിനി | അംഗത്തിന്റെ മരണം | പി.എഫ് തുക മടക്കി വാങ്ങുമ്പോൾ |
| 5 (IF) | കുടുംബാംഗം/ നോമിനി | അംഗത്തിന്റെ മരണം (ജോലിയിലിരിക്കെ) | ഇ.ഡി.എൽ.ഐ.അഷുറൻസ് ബെനിഫിറ്റ് ലഭിക്കുവാൻ |
| അനുബന്ധം 3 | അംഗം | ഭവന നിർമ്മാണ വായ്പ എടുത്ത് 6 മാസത്തിനകം | വായ്പയുടെ ഉപയോഗ സംബന്ധമായ വിവരങ്ങൾ പി.എഫ് ഓഫീസിനെ അറിയിക്കുന്നതിന്. |
| 13 | അംഗം | ജോലി മാറുമ്പോൾ | പുതിയ അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിന്. |

പ്രോവിഡന്റ് ആനുകൂല്യങ്ങളെക്കുറിച്ചുള്ള പരാതികൾ
www.epfindia.gov.in എന്ന വെബ്സൈറ്റിലെ EPFIGMS എന്ന് പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

# KILE NEWS

A quarterly publication from KILE




A reference journal | Articles on divergent topics

Information on schemes, services, authorities | Activities

Legal updates | Data updates | Special columns etc.etc.

**Published by**

Executive Director, Kerala Institute of Labour and Employment (KILE), Thozhil Bhavan,
Vikas Bhavan.P.O, Thiruvananthapuram – 695 033
Web: www.kile.kerala.gov.in, Email:kiletvm@gmail.com,
Phone: 0471 – 2309012, 2307742
Fax: 0471 – 2308947

Printed at C-apt, Vattiyoorkkavu, Thiruvananthapuram - 13